A

# സമഗ്ര ശിക്ഷാ കേരളം



## അർധവാർഷിക മൂല്യനിർണ്ണയം 2024-2025

## മലയാളം

**ക്ലാസ് - 3** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.....................................

വിദ്യാലയത്തിന്റെ പേര്.....................................

ഡിവിഷൻ.....................................

രക്ഷിതാവിന്റെ ഒപ്പ്.....................................

അധ്യാപകന്റെ ഒപ്പ്.....................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | കത്തെഴുതാം | |
| 3 | ചിത്രവായന | |
| 4 | വരികൾ കൂട്ടിച്ചേർക്കാം | |
| 5 | കളിയനുഭവ വിവരണം | |
| 6 | പോസ്റ്റർ നിർമ്മിക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് കടലാസ് അധികം ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം എഴുതാം

### ശിഖയുടെ ഡയറി

01.12.2024
ഞായർ

ഇന്ന് നല്ലൊരു ദിവസമായിരുന്നു. തുറന്നിട്ട ജാലകത്തിലൂടെ മഴ വന്നു വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. ജനാലയിലൂടെ പുറത്തേക്കു നോക്കിയിരിക്കാൻ നല്ല രസം! നേർത്ത നൂലുകൾ പോലെ മഴ താഴേക്കു വീഴുന്നു. ചെടികൾ മഴത്തുള്ളികളെ തലയാട്ടി വിളിച്ചു. മണ്ണിനെ ഏറെ ഇഷ്ടമായതു കൊണ്ടാവാം, പൂവിതളുകളിൽ ചിലർ മഴത്തുള്ളികൾക്കൊപ്പം താഴേക്കു വന്നു. ഇലകൾക്കിടയിൽ ഒളിച്ചിരുന്ന കിളികൾ ചിറകുകൾ ചേർത്തുപിടിച്ച് കാഴ്ചക്കാരായി. കുളത്തിലെത്തിയ തുള്ളികൾ കുമിളകളായി, പിന്നെ അലകളായി തങ്ങളുടെ വരവ് കുളത്തിലാകെ അറിയിച്ചു. ഇടയ്ക്കിടെ തെല്ലു ശമിച്ചും കാറ്റിനൊപ്പം ശക്തിയോടെ തിരിച്ചു വന്നും മഴയുടെ ഒളിച്ചുകളി തുടർന്നു. ഇന്ന് പതിവുള്ള സായാഹ്നസവാരി പോലും നടന്നില്ല. എന്നാലും പരിഭവമില്ല. മഴ എനിക്ക് ഏറെ ഇഷ്ടം. മഴയില്ലാത്ത അവസ്ഥ ചിന്തിക്കാനേ വയ്യ...

ശിഖയുടെ ഡയറി വായിച്ചല്ലോ. ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരംമെഴുതൂ.

i) ശിഖയെ വിളിച്ചുണർത്തിയത് ആര്?

എ) അമ്മ
ബി) കിളി
സി) കാറ്റ്
ഡി) മഴ

ii) ജനാലയിലൂടെ പുറത്തേക്കു നോക്കിയിരിക്കാൻ നല്ല രസം! അടിവരയിട്ടിരിക്കുന്ന പദക്കൂട്ട് പ്രകടമാക്കുന്ന ഭാവം?

എ) പരിഹാസം
ബി) ദയ
സി) സന്തോഷം
ഡി) സങ്കടം

iii) വൈകുന്നേരം എന്ന പദത്തിനു പകരം പ്രയോഗിച്ചിട്ടുള്ള വാക്ക് ഏത്?

എ) ജാലകം
ബി) സായാഹ്നം
സി) അതിഥി
ഡി) സവാരി

iv) മഴയുടെ ഒളിച്ചുകളി എന്നതു കൊണ്ട് അർഥമാക്കുന്നത്?

എ) ഇടയ്ക്കിടയ്ക്കുള്ള മഴ
ബി) തുടർച്ചയായുള്ള മഴ
സി) മഴ ഇല്ലാത്ത അവസ്ഥ
ഡി) ശക്തമായ മഴ

v) പൂവിതളുകൾ താഴേക്കു വന്നത് ?


എ) മഴയോടുള്ള ഇഷ്ടം കൊണ്ട്
ബി) മണ്ണിനോടുള്ള ഇഷ്ടം കൊണ്ട്
സി) പൂവിനോടുള്ള ഇഷ്ടം കൊണ്ട്
ഡി) ചെടിയോടുള്ള ഇഷ്ടം കൊണ്ട്

**പ്രവർത്തനം 2. കത്തെഴുതാം**

ഇത്തവണ ക്രിസ്തുമസിന് ശിഖയുടെ നാട്ടിലെ സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുൽക്കൂട് നിർമ്മാണം, നക്ഷത്ര നിർമ്മാണം, ക്രിസ്തുമസ് കരോൾ, ചവിട്ടു നാടകം, മാർഗ്ഗം കളി തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പരിപാടികൾ കാണാനും ആഘോഷങ്ങളിൽ പങ്കെടുക്കാനും കൂട്ടുകാരിയായ ഫാത്തിമയെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതൂ.

**പ്രവർത്തനം 3. ചിത്രവായന**

ശിഖയുടെ വീട്ടിലേക്കുള്ള യാത്രക്കിടയിൽ ഫാത്തിമ കണ്ട ഒരു കാഴ്ചയാണ് ചുവടെയുള്ളത്.



ചിത്രത്തിൽ എന്തൊക്കെയാണു കാണുന്നത്? അവയുടെ പേരുകൾ എഴുതൂ.

- വയൽ

കണ്ടെത്തിയവയെ അക്ഷരമാലക്രമത്തിൽ എഴുതൂ.

ചിത്രത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ചൊല്ലെഴുതൂ.

**പ്രവർത്തനം 4. വരികൾ കൂട്ടിച്ചേർക്കാം**

പാട്ടരങ്ങിൽ അവതരിപ്പിക്കാനായി ശിഖയും ഫാത്തിമയും ചേർന്ന് പൂന്തോട്ടത്തെക്കുറിച്ചു തയ്യാറാക്കിയ പാട്ടിന്റെ ആദ്യഭാഗമാണ് ചുവടെ കൊടുത്തിട്ടുള്ളത്. കൂടുതൽ വരികൾ കൂട്ടിച്ചേർക്കൂ.

**ചെമ്പട്ടിൻ നിറമേന്തി വിടർന്നൊരു**

**ചെമ്പരത്തി കളിത്തോഴി**

**പൂന്തേനുണ്ടു പറന്നുവരുന്നു**

**ചന്തമെഴുന്നൊരു പൂമ്പാറ്റ**

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................


..............................................................................................

..............................................................................................

**പ്രവർത്തനം 5. കളിയനുഭവ വിവരണം**

ശിഖയും ഫാത്തിമയും ചേർന്ന് ഏറെ നേരം സാറ്റുകളിച്ചു. വീട്ടിൽ മടങ്ങിയെത്തിയ ഫാത്തിമ അമ്മയോട് കളിയുടെ വിവരങ്ങൾ രസകരമായി പങ്കുവച്ചു. നിങ്ങളും ഇങ്ങനെ ചെയ്യാറില്ലേ? നിങ്ങളുടെ ഒരു കളിയനുഭവം എഴുതൂ.

## പ്രവർത്തനം 6. പോസ്റ്റർ നിർമ്മിക്കാം



പത്രം വായിക്കുമ്പോൾ ശാലു കണ്ട ചിത്രമാണിത്.
പെട്ടെന്ന് സ്കൂളിലെ ഒരു രംഗമാണ് അവളുടെ ഓർമ്മയിൽ എത്തിയത്.



ചിത്രങ്ങൾ കണ്ടല്ലോ. ഇവ നൽകുന്ന സന്ദേശമെന്താണ്?
ഈ സന്ദേശം ഉൾക്കൊണ്ട് പോസ്റ്റർ തയ്യാറാക്കൂ.